# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1798 01.11.2019 -ലെ മറുപടിയ്ക്ക്

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ രജിസ്ട്രാർ നിയമനം

ചോദ്യം

ഉത്തരം

ശ്രീ. അബ്ദുൽ ഹമീദ് പി

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാർ ആയി നിയമിതനായ ഡോ.സി.എൽ.ജോഷിയുടെ വിദ്യാഭ്യാസ മേഖലയിലെ ഭരണപരിചയം എന്തെല്ലാമാണെന്നും എത്ര വർഷമാണ് ഭരണപരിചയമുള്ളതെന്നും വെളിപ്പെടുത്താമോ;

(എ) അഭിമുഖ സമയത്ത് ഹാജരാക്കിയ രേഖകൾ പ്രകാരം ഡോ. സി.എൽ. ജോഷിയുടെ വിദ്യാഭ്യാസ രംഗത്തെ ഭരണ പരിചയം താഴെ പറയും പ്രകാരമാണ്.

| Sl. No. | Position | Duration | Total |
|---|---|---|---|
| 1 | Member Syndicate, Calicut University | 28.07.2006 to 27.07.2007, 30.08.2007 to 29.08.2011, and 28.11.2017 to 07.03.2019 | 6 Years and 3 Months |
| 2 | Member, Senate, Calicut University | 28.07.2006 to 27.07.2007, 29.10.2007 to 29.08.2011, 28.11.2017 to 07.03.2019 and 07.03.2019 to 05.07.2019 (last date of submission of hard copy of application) | 6 years and 5 months |
| 3 | Co-ordinator, Add-on Courses in Petro Chemicals and Polymer Science under UGC Career Oriented Programme in St. Thomas College, Thrissur | 2007 to 2012 | 5 Years |
| 4 | Member, Technical Support Group, RUSA, Kerala | 20.07.2016 to 05.07.2019 (last date of submission of hard copy of application) | 2 Years 11 Months (Still continuing) |

| | | | |
|---|---|---|---|
| (ബി) | കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ട്/സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസ് അനുസരിച്ച് രജിസ്ട്രാർ ആയി നിയമിതനാവുന്ന വ്യക്തി നിയമന സമയത്ത് ഏത് പ്രായപരിധിയിലുള്ള ആളാവണം എന്ന് വ്യക്തമാക്കാമോ; | (ബി) | കാലിക്കറ്റ് സർവ്വകലാശാലാ ഫസ്റ്റ് ഓർഡിനൻസ് 1978 പ്രകാരം രജിസ്ട്രാർ ആയി നേരിട്ട് നിയമിക്കപ്പെടേണ്ടത് 40 നും 50 നും മദ്ധ്യേ പ്രായമുള്ള ആളെ ആയിരിക്കണം |
| (സി) | ഡോ.സി.എൽ. ജോഷി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാർ ആയി നിയമിതനാവുമ്പോൾ അദ്ദേഹത്തിന്റെ പ്രായം എത്രയായിരുന്നു എന്ന് വെളിപ്പെടുത്താമോ; | (സി) | രജിസ്ട്രാർ ആയി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായ ഡോ. സി.എൽ. ജോഷിയുടെ പ്രായം 53 വയസ്സ് 3 മാസം 21 ദിവസം. |
| (ഡി) | സി.യു.എഫ്.എസ്. 1977 ലെ ചാപ്റ്റർ 2 സ്റ്റാറ്റ്യൂട്ട് 19-ൽ ഡെപ്യൂട്ടേഷൻ നിയമനം സംബന്ധിച്ച് പറയുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ഡി) | സ്റ്റാറ്റ്യൂട്ട് 17 ലും 18 ലും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, സർവ്വകലാശാലയുടെ താല്പര്യത്തിനനുസരിച്ച് വ്യക്തമായ കാരണങ്ങൾ അടങ്ങുന്ന രേഖകളുടെ അടിസ്ഥാനത്തിൽ സെലക്ഷൻ കമ്മിറ്റിക്ക്, സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽ നിന്നോ സെൻട്രൽ ഗവൺമെന്റ് സർവ്വീസിൽ നിന്നോ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ, ഒരു വ്യക്തിയെ, യുക്തമായ നിബന്ധനകളുടെയും വ്യവസ്ഥയുടെയും അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്. |
| (ഇ) | ഡോ.സി.എൽ. ജോഷിയുടെ നിയമനത്തിൽ സി.യു.എഫ്.എസ്. 1977 ലെ ചാപ്റ്റർ 2 സ്റ്റാറ്റ്യൂട്ട് 19 പാലിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (ഇ) | ഡോ. സി.എൽ. ജോഷിയുടെ നിയമനം സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 2, സ്റ്റാറ്റ്യൂട്ട് 19 സി. യു. എഫ്. എസ്. 1977 ലെ വ്യവസ്ഥകൾക്കും 2019 ലെ ഓർഡിനൻസ് നമ്പർ 21 ലെ വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.